**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 306** **04-10-2021 - ൽ മറുപടിയ്ക്ക്**

**പുതിയ കേന്ദ്ര ഉപഭോക്തൃ സംരക്ഷണ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ കേന്ദ്ര ഉപഭോക്തൃ സംരക്ഷണ നിയമം 2019 നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നടപടികൾ/ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (എ) | പുതിയ കേന്ദ്ര ഉപഭോക്തൃ സംരക്ഷണ നിയമം 2019 നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുക, മീഡിയേഷൻ സെല്ലുകൾ രൂപീകരിക്കുക, ഇ-ഫയലിംഗ് സംവിധാനം ഒരുക്കുക, നിയമത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക, സംസ്ഥാന/ജില്ലാ ഉപഭോക്തൃ സംരക്ഷണ കൗൺസിലുകൾ രൂപീകരിക്കുക, സംസ്ഥാന ജില്ലാ കമ്മീഷനുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മാനവശേഷിയും ഉറപ്പുവരുത്തുക എന്നിവയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നടപടികൾ / പ്രവർത്തനങ്ങൾ. |
| (ബി) | പുതിയ നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള ജില്ലാതല മീഡിയേഷൻ സെൽ, പൊതുജനങ്ങൾക്കുള്ള ഇ-ഫയലിംഗ് സംവിധാനം എന്നിവ ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; | (ബി) | ജില്ലാതല മീഡിയേഷൻ സെല്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് പരാതികൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനു വേണ്ടി ദേശീയതലത്തിൽ നടപ്പിലാക്കിയിട്ടുള്ള 'e-dakhil' എന്ന ഇ-ഫയലിംഗ് സംവിധാനം കൂടുതൽ യൂസർ ഫ്രണ്ട് ലി ആക്കുന്നതിനും മലയാളഭാഷ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ കേരള NICയുമായി ചേർന്ന് സ്വീകരിച്ചുവരുന്നു. |
| (സി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടിലെവൽ മാർക്കറ്റിംഗ്/ഡയറക്ട് സെല്ലിംഗ് കമ്പനികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി 2018-ൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ അനുശാസിക്കുന്നതരത്തിലുള്ള എൻറോൾമെന്റ് നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാന മൾട്ടിലെവൽ മാർക്കറ്റിംഗ് / ഡയറക്ട് സെല്ലിംഗ് മാർഗരേഖ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടിലെവൽ മാർക്കറ്റിംഗ് / ഡയറക്ട് സെല്ലിംഗ് കമ്പനികളെ എൻറോൾ ചെയ്യിക്കുന്നതിനായി mlm.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട്. നിലവിൽ 44 കമ്പനികളിൽ നിന്നും പ്രസ്തുത പോർട്ടലിൽ ലഭിച്ച അപേക്ഷകളിന്മേൽ പ്രാഥമിക പരിശോധന നടത്തിവരികയും പ്രസ്തുത അപേക്ഷകൾ തുടർ പരിശോധനകൾക്കായി |

| | | | |
|---|---|---|---|
| | | | സംസ്ഥാന മൾട്ടിലെവൽ മാർക്കറ്റിംഗ്/ ഡയറക്ട് സെല്ലിംഗ് മോണിറ്ററിംഗ് അതോറിറ്റി യിലെ മറ്റു വകുപ്പുകളായ സെൻട്രൽ GST, സ്റ്റേറ്റ് GST, പോലീസ് വകുപ്പുകൾക്കും വിഷയ വിദഗ്ധനായി സർക്കാർ മോണിറ്ററിംഗ് അതോറിറ്റിയിൽ നിയോഗിച്ചിട്ടുള്ള ശ്രീ.തോമസ് ളുങ്കുഴിക്കും നൽകിയിട്ടുണ്ട്. ആ റിപ്പോർട്ടുകൾ കൂടി ലഭിക്കുന്ന മുറയ്ക്ക് എൻറോൾമെന്റ് നടപടികൾ പൂർത്തീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത മാർഗ്ഗരേഖ അനുശാസിക്കുന്ന തരത്തിൽ ജില്ലാതലത്തിൽ ഓഫീസർമാരെ നിയോഗിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (ഡി) | സംസ്ഥാന മൾട്ടിലെവൽ മാർക്കറ്റിംഗ് / ഡയറക്ട് സെല്ലിംഗ് മാർഗ്ഗരേഖ അനുശാസിക്കുന്ന തരത്തിൽ അതാതു ജില്ലാ സപ്ലൈ ഓഫീസർമാരെ ജില്ലാ അധികാരികളായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | ഉപഭോക്തൃ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റ് സഹായം എത്രയാണ്; ആയത് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | ഉപഭോക്തൃ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 2020-21 സാമ്പത്തിക വർഷം 56ലക്ഷം രൂപയും 2021-22 സാമ്പത്തിക വർഷം 21,67,688/-രൂപയും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ലീഗൽ മെട്രോളജി ഓഫീസ് സമുച്ചയം/ വർക്കിംഗ് സ്റ്റാൻഡേർഡ് ലബോറട്ടറി നിർമ്മാണത്തിനായി 2017-18 സാമ്പത്തിക വർഷം 2കോടി രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ ഭൂമി റവന്യൂവകുപ്പിൽ നിന്നും ലീഗൽമെട്രോളജി വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ട്. ധനകാര്യവകുപ്പിൽ നിന്നും സെക്കൻഡ് ബാച്ച് SDG മുഖേന തുക ലഭ്യമായാലുടൻ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ